കേരള സർക്കാർ

നം.13774/ഡിഎ 1/2015/തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്
തിരുവനന്തപുരം, തീയതി : 29-12-2015

## സർക്കുലർ

വിഷയം: തദ്ദേശ സ്വയംഭരണ വകുപ്പ് - കെ.എൽ.ജി.എസ്.ഡി.പി. 2015-16 വാർഷിക പ്രവർത്തന വിലയിരുത്തൽ നടത്തിപ്പ് - സംബന്ധിച്ച്.

കെ.എൽ.ജി.എസ്.ഡി.പി.യുടെ 2015-16 ലെ പെർഫോമൻസ് ഗ്രാന്റിന് അർഹരായ ഗ്രാമ പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും തിരഞ്ഞെടുക്കുന്നതിനുള്ള വാർഷിക പ്രവർത്തന വിലയിരുത്തൽ ചട്ടക്കൂടും ചോദ്യാവലിയും അനുബന്ധ പ്രഫോർമകളും ഇതിനോടൊപ്പം ചേർക്കുന്നു.

വാർഷിക പ്രവർത്തന വിലയിരുത്തലിനുള്ള ചോദ്യാവലി ഇതിനായി ഉണ്ടാക്കുന്ന സോഫ്റ്റ്‌വെയറിൽ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഓൺലൈനായി പൂരിപ്പിച്ച് സമർപ്പിക്കേണ്ടതാണ്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും പൂർണ്ണ വിവരം 28-01-2015 മുതൽ 03-01-2016 വരെ കാലാവധിക്കുള്ളിൽ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തേണ്ടതും അത് കഴിഞ്ഞാൽ രേഖപ്പെടുത്താനുള്ള അവസരം ലോക്ക് ചെയ്യുന്നതുമാണ്.

ഈ വർഷത്തെ വാർഷിക പ്രവർത്തന വിലയിരുത്തൽ നടത്തുന്നത് തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിലുള്ള പെർഫോമൻസ് ആഡിറ്റ് വിഭാഗമാണ്. നിലവിലെ പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥരേയും നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി രണ്ടു പേർ വീതമുള്ള ടീമുകളാക്കിയാണ് വാർഷിക പ്രവർത്തന വിലയിരുത്തൽ നടത്തുന്നത്. പ്രസ്തുത ടീമുകൾ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾ ഒഴിവാക്കി അതത് ജില്ലയിലെ മറ്റു സ്ഥാപനങ്ങളിലാണ് വിലയിരുത്തൽ നടത്തുന്നത്.

വിലയിരുത്തൽ നടത്തുന്ന ഉദ്യോഗസ്ഥർ അവർക്ക് അനുവദിച്ചിട്ടുള്ള പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും സന്ദർശിച്ച ശേഷം വിലയിരുത്തലിനുള്ള വിവരങ്ങൾ പരിശോധിച്ച് കൃത്യത ഉറപ്പു വരുത്തി സോഫ്റ്റ്‌വെയറിലെ ഡാറ്റയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി വിലയിരുത്തൽ പൂർത്തീകരിക്കേണ്ടതാണ്. വിലയിരുത്തൽ പൂർത്തീകരിച്ച് കഴിഞ്ഞാൽ സോഫ്റ്റ്‌വെയറിൽ നിന്നും ചോദ്യാവലിയുടെ രണ്ട് പ്രിന്റ് ഔട്ടുകൾ എടുക്കേണ്ടതും പ്രസ്തുത ചോദ്യാവലിയിൽ നിഷ്ക്കർഷിച്ചിട്ടുള്ള സ്ഥലങ്ങളിൽ പ്രസിഡന്റ്/ചെയർമാൻ, സെക്രട്ടറി, വിലയിരുത്തൽ ഉദ്യോഗസ്ഥർ തുടങ്ങിയവർ ഒപ്പിട്ട് ഒരു കോപ്പി അതത് തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കുകയും ഒരു കോപ്പി അതത് DDP, RJD ആഫീസുകളിൽ സമർപ്പിക്കേണ്ടതുമാണ്.

വിലയിരുത്തൽ ടീമുകൾ നടത്തുന്ന വിലയിരുത്തലിന്റെ 10% ക്വാളിറ്റി ആഡിറ്റ് നടത്തുന്നതും ഏതെങ്കിലും ടീമിന്റെ വിലയിരുത്തലിൽ കാര്യമായ വ്യതിയാനങ്ങൾ കാണുകയാണെങ്കിൽ ആ ടീമുകൾ ചെയ്ത വിലയിരുത്തലുകൾ മറ്റൊരു ടീമിനെ കൊണ്ട് പുനർ വിലയിരുത്തൽ നടത്തുന്നതുമാണ്. ഈ പ്രക്രിയ സമയ നഷ്ടം വരുത്തുന്നതാകയാൽ എല്ലാ ടീമുകളും അവരവരുടെ വിലയിരുത്തൽ തെറ്റുകൾ കൂടാതെ കൃത്യമായി ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

വിലയിരുത്തലും ക്വാളിറ്റി ആഡിറ്റു കഴിഞ്ഞ ശേഷം സോഫ്റ്റ് വെയർ മുഖേന ലഭിക്കുന്ന വിവരപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത ഫലത്തിൽ വിവരം സംബന്ധിച്ച പിശകുകൾ തിരുത്തുന്നതിനു തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾക്ക് അവസരം നൽകുന്നതാണ്. അതിനുശേഷം അന്തിമമായ ഫലം പ്രസിദ്ധീകരിക്കുന്നതുമാണ്.

അന്തിമ ഫലം പ്രസിദ്ധീകരണത്തിനു ശേഷം അർഹരായ ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും 2015-16 പെർഫോമൻസ് ഗ്രാന്റ് വിതരണം ചെയ്യുന്നതാണ്.

പെർഫോമൻസ് ഓഡിറ്റ്/ഉദ്യോഗസ്ഥർക്ക് സോഫ്റ്റ് വെയർ സംബന്ധിച്ച് പരിശീലനം 30-12-2015 മുതൽ 01-01-2016 വരെ കിലയിൽ നൽകുന്നതാണ്. വിലയിരുത്തൽ ടീമുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനുള്ള വിശദമായ ഷെഡ്യൂൾ ബന്ധപ്പെട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ (പെ.ഓ)/മേഖലാ നഗര കാര്യ ഡയറക്ടർ (പെ.ഓ.) എന്നിവർ പുറപ്പെടുവിക്കുന്നതാണ്.

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ

നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രോജക്ട് ഡയറക്ടർ, കെ.എൽ.ജി.എസ്.ഡി.പി, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം. തിരുവനന്തപുരം.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ